(ജി) വളർത്തു നായ്ക്കൾക്കു മുഴുവൻ പേവിഷബാധയ്ക്കെതിരെയുള്ള കുത്തിവയ്പ് നടത്താൻ വേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1960-ലെ പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി ടു ആനിമൽസ് ആക്ട് പ്രകാരം നായ്ക്കളെ നശിപ്പിക്കുന്നത് കുറ്റകരമായതിനാലാണ് തെരുവ് നായ്ക്കളെ ഒഴിവാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശം പ്രതിബന്ധം സൃഷ്ടിച്ചിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) തെരുവു നായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനുള്ള ആനിമൽ ബർത്ത് കൺട്രോൾ പദ്ധതി നടപ്പാക്കുക, വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പും ലൈസൻസ് സംവിധാനവും നിർബന്ധമാക്കുക എന്നിവയാണ്.

(ഇ) ഉണ്ട്.

(എഫ്) തെരുവ് നായ്ക്കളെ നശിപ്പിക്കുന്നതിനുള്ള നടപടി പുനരാരംഭിക്കുന്നതിനുള്ള നടപടി ഉണ്ടാക്കുന്നതിനായി 9-6-2003-ൽ തിരുവനന്തപുരം നഗരസഭ ബഹു. കേന്ദ്ര മന്ത്രി ശ്രീ. ഒ. രാജഗോപാലിന് നിവേദനം നൽകിയിട്ടുണ്ട്.

(ജി) ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

നഗരസഭകളിൽ എൽ.ഡി.സി./ബി.സി. തസ്തികകൾ

86 (2209) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ നഗരസഭകളിൽ എൽ.ഡി.സി./ബി.സി. ആയി എത്രപേർ ജോലി നോക്കുന്നു ;

(ബി) ഈ വിഭാഗത്തിൽ 2002, 2003 വർഷങ്ങളിൽ എത്ര റിട്ടയർമെന്റ് ഉണ്ട് ;

(സി) പ്രസ്തുത വിഭാഗത്തിൽ 2003-ൽ എത്ര പ്രൊമോഷൻ വേക്കൻസി ഉണ്ട് ;

(ഡി) വിവിധ പഞ്ചായത്തുകൾ നഗരസഭകളുമായി കൂട്ടിയോജിപ്പിച്ചപ്പോൾ എൽ.ഡി.സി./ബി.സി.കളുടെ എണ്ണം ആനുപാതികമായി കൂട്ടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ഇ) പ്രസ്തുത വിഭാഗത്തിൽ സംസ്ഥാനത്ത് ആകെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(എഫ്) ഇക്കാര്യത്തിൽ എത്ര വ്യവഹാരങ്ങൾ ഇപ്പോൾ നിലവിലുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ നഗരസഭകളിൽ എൽ. ഡി. സി./ബി. സി. ആയി ഇപ്പോൾ 619 പേർ ജോലി നോക്കുന്നു.

(ബി) 2002-ൽ 18, 2003-ൽ 25.

(സി) 2003-ൽ 24 പ്രൊമോഷൻ വേക്കൻസികൾ ഉണ്ട്.

(ഡി) പഞ്ചായത്തുകൾ നഗരസഭകളുമായി കൂട്ടിയോജിപ്പിച്ചപ്പോൾ എൽ.ഡി.സി./ബി.സി.കളുടെ എണ്ണം ആനുപാതികമായി കൂട്ടിയിട്ടില്ല.

(ഇ) 325 ഒഴിവ് നിലവിലുണ്ട്.

(എഫ്) ഇത് സംബന്ധിച്ച് നിലവിൽ വ്യവഹാരങ്ങളൊന്നും ഇല്ല.

ഇടുക്കി വികസന അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

87 (2210) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി വികസന അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇടുക്കി വികസന അതോറിറ്റിക്കായി എത്ര ഏക്കർ ഭൂമിയാണ് വിട്ടുകൊടുത്തിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇടുക്കി വികസന അതോറിറ്റിയുടെ ഘടനയും ഇപ്പോഴത്തെ ഭാരവാഹികളുടെ പേരു വിവരവും വ്യക്തമാക്കുമോ ;

(ഇ) ഇതിന്റെ എക്സിക്യൂട്ടീവ് യോഗം ഏറ്റവും ഒടുവിലായി കൂടിയത് എന്നാണ് എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഇടുക്കി വികസന അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇടുക്കി ജില്ലാ ആസ്ഥാന വികസനം ലക്ഷ്യമാക്കിയാണ് ഇടുക്കി വികസന അതോറിറ്റി രൂപീകരിച്ചിരിക്കുന്നത്. ജില്ലാ ആസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും സംയോജിപ്പിക്കുകയുമാണ് പ്രധാന ലക്ഷ്യങ്ങൾ. ഭൂപ്രകൃതിയുടെ പരിമിതികളും പാരിസ്ഥിതിക സംതുലിതാവസ്ഥയും നിലനിൽക്കെത്തന്നെ ഇടുക്കിയെ കേരളത്തിലെ ആദ്യ ആസൂത്രണ നഗരമാക്കി മാറ്റിയെടുക്കുക എന്ന ലക്ഷ്യവും ഇടുക്കി വികസന അതോറിറ്റി രൂപീകരണത്തിന് പിന്നിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly